# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 സെപ്റ്റംബർ 4**

---

*യു3എ സംഗമം 9ന് ബി.സി.എം കോളജിൽ*

## അറിവുകളും അനുഭവങ്ങളും പങ്കുവയ്ക്കാൻതലമുറകൾ ഒത്തു ചേരുന്നു

മുതിർന്ന പൗരൻമാരുടെ ജീവിതത്തിന്റെ മൂന്നാം ഘട്ടം സന്തോഷകരമാക്കുന്നതിന് ലക്ഷ്യമിടുന്ന യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് ഏജിന്റെ (യു3എ) ആഭിമുഖ്യത്തിലുള്ള തലമുറകളുടെ സംഗമം സെപ്റ്റംബർ ഒൻപതിന് കോട്ടയം ബി.സി.എം. കോളജ് ഓഡിറ്റോറിയത്തിൽ നടക്കും. മഹാത്മാ ഗാന്ധി സർവകലാശാലയിലെ യു3എയ്ക്കു വേണ്ടി സർവകലാശാലയിലെ ഇന്റർ യൂണിവേഴ് സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും(ഐ.യു.സി.ഡി.എസ്) ബി.സി.എം കോളജും സംയുക്തമായി നടത്തുന്ന പരിപാടിയിൽ 100 മുതിർന്ന പൗരൻമാരും 100 വിദ്യാർഥികളും പങ്കെടുക്കും.

രാവിലെ 9.30ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ സംഗമം ഉദ്ഘാടനം ചെയ്യും. ഐ.യു.സി.ഡി.എസ് ഡയറക്ടർ ഡോ. പി.ടി ബാബുരാജ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ യു3എ മെന്റർ ഡോ. സി. തോമസ് ഏബ്രഹാം ആമുഖ പ്രസംഗം നടത്തും. ഡോ. ടോണി കെ. തോമസ്, സർവകലാശാലയിലെ അഡ്വാൻസ്ഡ് സെന്റർ ഫോർ എൻവയൺമെന്റൽ സ്റ്റഡീസ് ആന്റ് സസ്റ്റൈനബിൾ ഡവലപ്മെന്റ് ഡയറക്ടർ ഡോ. എ.പി. തോമസ്, സർവകലാശാലാ ഐ.ക്യു.എ.എസി ഡയറക്ടർ ഡോ. റോബിനെറ്റ് ജേക്കബ്, ബി.സി.എം കോളജ് മാനേജർ ഫാ. ഫിൽമോൻ കളത്ര, പ്രിൻസിപ്പൽ സിസ്റ്റർ സ്റ്റെഫി തോമസ് ജനറൽ കൺവീനർ ഡോ ഗ്രേസമ്മ മാത്യു, ബി.സി.എം കോളജ് സോഷ്യൽ വർക്ക് വകുപ്പ് മേധാവി ഡോ. ഐപ്പ് വർഗീസ് എന്നിവർ സംസാരിക്കും.

തുടർന്ന് നടക്കുന്ന തലമുറകളടെ സംഗമത്തിത്തിന്റെ ഏകോപനം ഡോ.സി. തോമസ് ഏബ്രഹാം നിർവഹിക്കും. സംഗമത്തിനുശേഷം യു3എയുടെ പ്രാദേശിക ഘടകങ്ങളിലേക്ക് നിയോഗിക്കപ്പട്ട ബട്ടർഫ്ളൈ ഫെസിലിറ്റേറ്റർമാർ റിപ്പോർട്ട് അവതരിപ്പിക്കും. 2.30മുതൽ കലാപരിപാടികൾ നടക്കും.

55 വയസ്സ് കഴിഞ്ഞവർക്ക് ഒത്തുചേരുന്നതിനും വിനോദങ്ങളിൽ

ഏർപ്പെടുന്നതിനും ഊർജ്ജസ്വലമായി തുടരുന്നതിനുള്ള വേദിയാണ് യു3എ ഒരുക്കുന്നത്. ഇവരുടെ അറിവുകളും അനുഭവസമ്പത്തും നൈപുണ്യവും സമൂഹത്തിന് പ്രയോജനകരമായി പങ്കുവയ്ക്കാനും പുതിയ അറിവുകൾ സ്വന്തമാക്കാനും അവസരമൊരുക്കുകയാണ് ലക്ഷ്യം.

1973ൽ ഫ്രാൻസിൽ തുടക്കം കുറിച്ച് ഇപ്പോൾ ഇരുപതോളം രാജ്യങ്ങളിൽ സജീവമായ യു3എ യുടെ പ്രവർത്തനം രാജ്യത്ത് ആദ്യമായി ഒരു സർവകലാശാലയിൽ തുടക്കം കുറിച്ചത് എം.ജിയിലാണ്. സർവകലാശാലയിലെ യു3എയ്ക്കു കീഴിൽ എല്ലാ ജില്ലകളിലും ഇപ്പോൾ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

(പി.ആർ.ഒ/39/1061/2023)

## ബിരുദ പ്രവേശനം; അന്തിമ റാങ്ക് ലിസ്റ്റ്

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിനുള്ള ഫൈനൽ അലോട്ട്മെൻറിൻറെ മൂന്നാം ഘട്ട റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ കോളജുകളുമായി ബന്ധപ്പെട്ട് സെപ്റ്റംബർ എട്ടിന് വൈകുന്നേരം നാലിനു മുൻപ് പ്രവേശനം നേടണം. പ്രവേശന നടപടികൾ സെപ്റ്റംബർ എട്ടിന് പൂർത്തിയാകും.

(പി.ആർ.ഒ/39/1062/2023)

## ബി.എഡ് റാങ്ക് ലിസ്റ്റ്

എം.ജി. സർവകലാശായിൽ അഫിലിയേറ്റ് ചെയ്ത ടീച്ചേഴ്സ് ട്രെയിനിംഗ് കേന്ദ്രങ്ങളിൽ ബി.എഡ് പ്രവേശനത്തിനുള്ള ഫൈനൽ അലോട്ട്മെൻറിൻറെ രണ്ടാം ഘട്ട റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

ലിസ്റ്റിൽ ഉൾപ്പെട്ടവർ കോളേജുകളുമായി ബന്ധപ്പെട്ട് സെപ്റ്റംബർ ഏഴിന് വൈകുന്നേരം നാലിനു മുൻപ് പ്രവേശനം നേടണം.

(പി.ആർ.ഒ/39/1063/2023)

## ഡെപ്യൂട്ടി ഡയറക്ടർ; കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെന്റർ ഫോർ ഓൺലൈൻ എജ്യുക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ(ഇ-ലേണിംഗ് ആന്റ് ടെക്നിക്കൽ) തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ താത്ക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

പൊതുവിഭാഗത്തിലെ ഒരൊഴിവിലേക്ക് ഒരു വർഷത്തേക്കാണ് നിയമനം. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ കരാർ മൂന്നു വർഷം വരെ

ദീർഘിപ്പിച്ചേക്കാം.

യോഗ്യത യു.ജി.സി ഒ.ഡി.എൽ/ഒ.എൽ റഗുലേഷൻ 2020 പ്രകാരം. യു.ജി.സി റഗുലേഷൻ 2018 പ്രകാരം അസോസിയേറ്റ് പ്രഫസർ നിയമനത്തിനു വേണ്ട യോഗ്യതയും പ്രവൃത്തിപരിചയവും ഉണ്ടായിരിക്കണം.

മോഡ്യൂൾ ഡവലപ്മെന്റ്, ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം എന്നിവയുടെ ടെക്നിക്കൽ കോ-ഓർഡിനേഷനിൽ പ്രവൃത്തിപരിചയത്തോടെയുള്ള ഈ ലേണിംഗ് വൈദഗ്ധ്യം ഉണ്ടായിരിക്കണം.

പ്രതിമാസം സഞ്ചിത നിരക്കിൽ 60000 രൂപയാണ് വേതനം. പ്രായപരിധി 2023 ജനുവരി ഒന്നിന് 65 വയസ് കവിയരുത്.

വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് coe@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയയ്ക്കണം. അവസാന തീയതി സെപ്റ്റംബർ 16.

പ്രായം, വിദ്യാഭ്യാസ യോഗ്യത, അധിക യോഗ്യത, പ്രവൃത്തിപരിചയം, ജാതി എന്നിവ യുടെ സർട്ടിഫിക്കറ്റുകൾ, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സമർപ്പിക്കണം. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ(www.mgu.ac.in).

(പി.ആർ.ഒ/39/1064/2023)

## പരീക്ഷ മാറ്റി

നാലാം സെമസ്റ്റർ എം.എ ബിസിനസ് ഇക്കണോമിക്സ് ആൻറ് ഡെവലപ്മെൻറ് ഇക്കണോമിക്സ്(2021 അഡ്മിഷൻ റഗുലർ, 2019-2020 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂൺ 2023) പരീക്ഷയുടെ സെപ്റ്റംബർ ഏഴ്,എട്ട് തീയതികളിൽ നടത്താനിരുന്ന പ്രോജക്ട് ഇവാല്യുവേഷൻ, കോംപ്രിഹെൻസീവ് വൈവ വോസി പരീക്ഷകൾ സെപ്റ്റംബർ 11,12 തീയതികളിൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

......................

നാലാം സെമസ്റ്റർ എം.എ ഇക്കണോമിക്സ്, ഇക്കണോമെട്രിക്സ്(2021 അഡ്മിഷൻ റഗുലർ, 2019-2020 അഡ്മിഷൻ സപ്ലിമെൻററി - ജൂൺ 2023) പരീക്ഷയുടെ സെപ്റ്റംബർ അഞ്ചു മുതൽ നടത്താനിരുന്ന പ്രോജക്ട് ഇവാല്യുവേഷൻ, കോംപ്രിഹെൻസീവ് വൈവ വോസി പരീക്ഷകൾ സെപ്റ്റംബർ 11 മുതൽ 14 വരെ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1065/2023)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ്,സ്പേസ് സയൻസ്(2021 അഡ്മിഷൻ റഗുലർ, 2019.2020 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂൺ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 11 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

.....................

മൂന്നാം സെമസ്റ്റർ ബി.വോക് വിഷ്വൽ മീഡിയ ആൻറ് ഫിലിം മേക്കിംഗ്(2021 അഡ്മിഷൻ റഗുലർ - പുതിയ സ്കീം - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 13,14,18 തീയതികളിൽ കാലടി ശ്രീ ശങ്കര കോളജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

.....................

നാലാം സെമസ്റ്റർ എം.എ ഇംഗ്ലീഷ്(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷയുടെ പ്രോജക്ട്, കോംപ്രിഹെൻസീവ് വൈവ പരീക്ഷകൾ സെപ്റ്റംബർ 11ന് ആരംഭിക്കും.

(പി.ആർ.ഒ/39/1066/2023)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ എം.എ ഹിന്ദി പി.ജി.സി.എസ്.എസ് - മാർച്ച് 2023(2022 അഡ്മിഷൻ റഗുലർ, 2020-2021 അഡ്മിഷനുകൾ ഇംപ്രൂവ്മെൻറും സപ്ലിമെൻററിയും) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ 17 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

.....................

ഒന്നാം സെമസ്റ്റർ എം.എസ്.സി കെമിസ്ട്രി, എം.എസ്.സി ബോട്ടണി(2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷനുകൾ ഇംപ്രൂവ്മെൻറും സപ്ലിമെൻററിയും-മാർച്ച് 2023), എം.എസ്.സി ഇൻഡസ്ട്രിയൽ കെമിസ്ട്രി(2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷനുകൾ ഇംപ്രൂവ്മെൻറും സപ്ലിമെൻററിയും-മാർച്ച് 2023) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ 16 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

......................

ഈ വർഷം മാർച്ചിൽ നടത്തിയ നാലാം വർഷ ബി.എസ്.സി മെഡിക്കൽ ലബോറട്ടറി ടെക്നോളജി(പുതിയ സ്കീം - 2014 അഡ്മിഷൻ മുതൽ സപ്ലിമെൻററി, 2008 മുതൽ 2013 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ 17 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/1067/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**